മി. സ്പീക്കർ: ഓർഡർ...ഓർഡർ.. ചോദ്യം നമ്പർ (*61)

## നവകേരള നിർമ്മിതിയിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ പങ്കാളിത്തം

1 (*61) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിയിൽ പട്ടികജാതി-പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ വ്യത്യസ്തങ്ങളായ കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അത്യന്തം അപകടകരമായ ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള വനമേഖലകളിൽ അധിവസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ അതിദാരിദ്ര്യമുക്തമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ അതിദാരിദ്ര്യമുക്ത

ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട യുവാക്കൾക്ക് സർക്കാർ-സ്വകാര്യ മേഖലകളിലെ ഏറ്റവും ഉന്നത ശ്രേണിയിലുള്ള തൊഴിലുകളിൽ പ്രവൃത്തി പരിചയവും പരിശീലനവും ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) നവകേരള നിർമ്മിതിയിൽ പട്ടിക വിഭാഗങ്ങളെക്കൂടി ചേർത്തുനിർത്തുന്നതിനായി വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം, സാംസ്കാരിക പൈതൃക സംരക്ഷണം, നിയമപരിരക്ഷ എന്നീ മേഖലകളിൽ വിവിധ ക്ഷേമ പ്രവർത്തനങ്ങളാണ് വകുപ്പുകൾ നടത്തിവരുന്നത്. നിലവിൽ വകുപ്പുകൾ നടത്തിവരുന്ന പദ്ധതികൾക്കുപുറമെ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി നൂതനങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ അതിദാരിദ്ര്യമുക്തമാക്കുന്നതിന് അടിയ, പണിയ പ്രത്യേക ദുർബല ഗോത്ര വർഗക്കാർ - വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി, ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി, സമഗ്ര പട്ടികവർഗ ആരോഗ്യ സംരക്ഷണം, ഭവന നിർമ്മാണം-അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം, ഭവനരഹിത പട്ടികവർഗക്കാരുടെ ഭവന നിർമ്മാണം (ലൈഫ് മിഷൻ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, പട്ടികവർഗ ഉന്നതികൾക്കായുള്ള ഉപജീവനമിഷൻ, പട്ടികവർഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം, കേരള ട്രൈബൽ പ്ലസ്, പട്ടികവർഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

---

+ അനുബന്ധമായി ചേർത്തിരിക്കുന്നു

(സി) ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പട്ടികവിഭാഗങ്ങളിലെ ബിരുദധാരികളും അഭ്യസ്തവിദ്യരുമായ യുവതീ-യുവാക്കൾക്ക് ബന്ധപ്പെട്ട പഠന മേഖലകളിൽ മികച്ച തൊഴിൽ പരിചയം ആർജിക്കുന്നതിന് അവസരം നൽകുന്നതിനായി വകുപ്പിൽ TRACE (Training for Career Excellence) പദ്ധതി നടപ്പിലാക്കിവരുന്നു. TRACE പദ്ധതി, നൈപുണ്യ പരിശീലനം എന്നിവ മുഖേന നടപ്പിലാക്കി വരുന്ന പരിശീലന പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, നവകേരള നിർമ്മിതിയുമായി ബന്ധപ്പെട്ട് പട്ടികവർഗ വിഭാഗങ്ങളുടെ പങ്കാളിത്തം സംബന്ധിച്ചാണ് എന്റെ ചോദ്യം. വലിയ പട്ടികജാതി നഗറുകളുടെയും സെറ്റിൽമെന്റുകളുടെയും അടിസ്ഥാന സൗകര്യത്തിനായി അംബേദ്കർ വികസന പദ്ധതി നടപ്പാക്കുന്നതുപോലെ

+ അനുബന്ധമായി ചേർത്തിരിക്കുന്നു

+ അനുബന്ധമായി ചേർത്തിരിക്കുന്നു

ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങളുടെയും ചെറിയ നഗറുകളുടെയും വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന്റെ ഇരുപത്തിയഞ്ചോളം വരുന്ന വീടുകൾ ഉൾപ്പെടുന്ന ഉന്നതികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിക്ക് ഒരു കോടി രൂപ അനുവദിച്ചുകൊണ്ട് നടപ്പാക്കിവരുന്നുണ്ട്. ഒരു സാമ്പത്തിക വർഷം പട്ടികജാതി വകുപ്പിൽ അമ്പത് യൂണിറ്റുകളും പട്ടികവർഗ വകുപ്പിൽ അമ്പത് യൂണിറ്റുകളുമായി നടപ്പാക്കിവരുന്നു. അതിനുപുറമെ പതിനഞ്ചിനുതാഴെ ഗുണഭോക്താക്കളുള്ള ഉന്നതികളിൽ പ്രത്യേക ഘടകപദ്ധതിയായി 'ഐശ്വര്യ ഗ്രാമം' എന്ന പദ്ധതികൂടി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഈ വർഷം തുടക്കംകുറിച്ചിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികളും ചൂഷണങ്ങളും ഫലപ്രദമായി

തടയുന്നതിനും തുല്യവും സ്വതന്ത്രവുമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, അത്തരം ഒറ്റപ്പെട്ട വിഷയങ്ങൾ വകുപ്പിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം അവസരങ്ങളിൽ വകുപ്പും ഗവൺമെന്റും ക്രിയാത്മകമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ശശി: സർ, വനാവകാശ നിയമപ്രകാരം എത്ര കുടുംബങ്ങൾക്ക് കൈവശാവകാശ രേഖയും ഭൂമി പട്ടയവും വനഭൂമിക്കുള്ള അവകാശ രേഖയും നൽകിയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒട്ടനവധി കുടുംബങ്ങൾക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാവകാശ നിയമപ്രകാരം 3126 കുടുംബങ്ങൾക്ക് 4224.55 ഏക്കർ ഭൂമിക്ക് കൈവശരേഖയും 27 കുടുംബങ്ങൾക്ക് 20.98 ഏക്കർ റവന്യൂ ഭൂമി പട്ടയവും 718 കുടുംബങ്ങൾക്കായി

243.80 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള കൈവശരേഖയും നൽകി. കൂടാതെ 'ലാൻഡ് ബാങ്ക്' പദ്ധതി പ്രകാരം 314 കുടുംബങ്ങൾക്ക് 62.86 ഏക്കർ ഭൂമിയും വാങ്ങി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 4185 കുടുംബങ്ങൾക്കായി ആകെ 4552.19 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. വനാവകാശത്തിലൂടെ ഭൂമി ലഭിച്ച മുഴുവൻ കുടുംബങ്ങൾക്കും റവന്യൂ രേഖകൾ നൽകുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, പട്ടികജാതി-പട്ടികവർഗ വകുപ്പുകളുടെ അഭിമാന പദ്ധതിയായ ഉന്നതി ഓവർസീസ് സ്കോളർഷിപ്പിലൂടെ ഈ സർക്കാരിന്റെ കാലത്ത് ആയിരത്തിലധികം കുട്ടികളാണ് വിദേശത്ത് പഠനം നടത്തിവരുന്നത്. അങ്ങനെ സാധ്യതയുണ്ടാക്കിയ സർക്കാരിന് പ്രസ്തുത വിഭാഗങ്ങളുടെ പേരിലുള്ള നന്ദി അറിയിക്കുന്നു. അത്തരത്തിൽ വിദ്യാഭ്യാസം പൂർത്തീകരിച്ച് ഇറങ്ങുന്ന കുട്ടികളുടെ തൊഴിൽ സാധ്യതകളെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; പഠനം നടത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി പഠനം നടത്താൻ വകുപ്പിന് സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതുസംബന്ധിച്ച് വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. 1160 കുട്ടികളെയാണ് നിലവിൽ വിദേശത്ത് പഠനത്തിനായി അയച്ചിട്ടുള്ളത്. വിദേശരാജ്യങ്ങളിലുള്ള ഉന്നതമായ സർവകലാശാലകളിൽ കുട്ടികളെ അയച്ച് പഠിപ്പിക്കുകയും ആ രാജ്യത്തുതന്നെ അവർക്കാവശ്യമായ പ്ലേസ്മെന്റ് കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ODEPC മുഖാന്തരം പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതിനുപുറമെ TRACE പോലെയുള്ള വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കേരളത്തിന് അകത്തും പുറത്തുമുള്ള സർക്കാർ മേഖലകളിലും സ്വകാര്യമേഖലകളിലും ഈ കുട്ടികൾക്ക് പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും വകുപ്പ് പരിശോധിച്ച് നടപ്പാക്കിവരികയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, പട്ടികജാതി നഗറുകളുടെയും സെറ്റിൽമെന്റുകളുടെയും അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്ന അംബേദ്കർ വികസന പദ്ധതി മാതൃകാപരമാണ്. ഇതിന്റെ നടത്തിപ്പുമായി

ബന്ധപ്പെട്ട് ഒരു കോടി രൂപയാണ് അനുവദിക്കുന്നത്. ഈ ഒരു കോടി രൂപ ഉപയോഗിച്ച് ഒന്നിലധികം നഗറുകൾ വികസിപ്പിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഒരു നഗറിന് ഒരു കോടി രൂപ ചെലവഴിക്കാതെതന്നെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും അധികമായി എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ, കെട്ടിടങ്ങൾ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ അനിവാര്യമായ സംഗതികൾ ആവശ്യമുള്ള നഗറുകളുമുണ്ട്. അത്തരം നഗറുകളെ ക്ലബ് ചെയ്ത് നടപ്പാക്കാനുള്ള സംവിധാനമുണ്ടെങ്കിൽ ഈ പണം ഉപയോഗിച്ചുതന്നെ കൂടുതൽ കുടുംബങ്ങൾക്ക് അനിവാര്യമായ ഘടകങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതുപോലെ, പട്ടികജാതി വിഭാഗങ്ങളുടെ ഭവന നവീകരണ പദ്ധതിയായ 'സെയ്ഫ്' പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും എണ്ണം വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ? നടപ്പുസാമ്പത്തിക വർഷം അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നേരത്തെതന്നെ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ നിബന്ധനപ്രകാരം 25 വീടുകളുള്ള ഉന്നതിയാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. പക്ഷേ പരിശോധനയിൽ, പല ഉന്നതികളിലും 25 വീടുകളിൽ താഴെയാണുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ തൊട്ടടുത്ത രണ്ട് ഉന്നതികളെ ചേർത്തുകൊണ്ട് ഒരു ക്ലസ്റ്റർ ആയി യൂണിറ്റ് രൂപീകരിക്കുകയും അങ്ങനെ രൂപീകരിക്കുന്ന ഉന്നതി യൂണിറ്റിന് ഒരു കോടി രൂപ നൽകുന്ന രീതിക്ക് സർക്കാർ ഉത്തരവിറക്കിയിട്ടുമുണ്ട്. അതോടൊപ്പംതന്നെ പതിനഞ്ച് വീടുകളിൽ താഴെയുള്ള ഉന്നതികൾക്ക് 'ഐശ്വര്യ ഗ്രാമം' എന്ന ഒരു പ്രത്യേക ഘടകപദ്ധതി കൂടി നടപ്പാക്കുന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങേയ്ക്കുമുമ്പ് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ ഈ വകുപ്പുമായി ബന്ധപ്പെട്ട് ചില ഗൗരവതരമായ വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഒന്ന്, ഉന്നതി എന്ന

പേരുമാറ്റം ഊരുകളിൽ പ്രശ്നമുണ്ടാക്കിയിട്ടുണ്ട് എന്നുള്ളതാണ്. രണ്ട്, ഗദ്ദിക എന്ന പദ്ധതി നിർത്തലാക്കിയത് ആ മേഖലയിൽ വലിയ പ്രയാസം ഉണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഭവന പദ്ധതികളുടെ കാര്യത്തിൽ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗക്കാർക്ക് പ്രത്യേക ഭവന പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതി നിലവിൽ ഇല്ലാതായിട്ടുണ്ട്. ബഹുമാനപ്പെട്ട എ. കെ. ബാലൻ ഉന്നയിച്ച വളരെ ഗുരുതരമായ ആ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സാംസ്കാരിക കേരളത്തിൽ കാലാനുസൃതമായി ഒരു മാറ്റമുണ്ടാക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന്റെ 'കോളനി' എന്ന പേര് 'ഉന്നതി' എന്നുമാറ്റിയത്. അതുസംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വലിയ പരാമർശങ്ങളൊന്നും ഇല്ലെങ്കിലും ഒറ്റപ്പെട്ട ചില പരാതികൾ ഊര് മൂപ്പന്മാരിൽനിന്നും ലഭിച്ചിരുന്നു. അതിന്റെ

അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിക്കുന്നതാണെന്ന് പരാതിക്കാരോട് പറഞ്ഞിരുന്നു. ഇവിടെ സൂചിപ്പിച്ച 'ഗദ്ദിക' നിർത്തിയിട്ടില്ല. കഴിഞ്ഞ വർഷം എറണാകുളത്ത് നടത്തിയിരുന്നു; ഇപ്രാവശ്യവും നടത്തി. രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഗദ്ദിക നല്ല രീതിയിലാണ് നടത്തിവരുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, നമ്മുടെ എം.ആർ.എസ്.-കൾ മികച്ച നിലയിൽ ഗവൺമെന്റും വകുപ്പും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. അവിടെ ഉയർന്നുവരുന്ന പരാതികൾ പരിശോധിക്കുന്നത് അവിടുത്തെ പ്രിൻസിപ്പലും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറും ഉൾപ്പെട്ട ഒരു സമിതിയാണ്. പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്ന് ഒരു ഉദ്യോഗസ്ഥനെക്കൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതുപോലെ ഒറ്റപ്പെട്ട പരാതികളും വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാറുണ്ട്. ആ കാര്യങ്ങൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കാം.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളം അതിദാരിദ്ര

മുക്തമാണെന്ന് സർക്കാർ പ്രഖ്യാപിക്കുമ്പോഴും ചാലക്കുടി നിയോജകമണ്ഡലത്തിലെ അരയക്കാപ്പ്, വീരാൻകുടി ആദിവാസി ഉന്നതികളിലെ മുപ്പത്തിയഞ്ചോളം കുടുംബങ്ങൾ കഴിഞ്ഞ ഒരു വർഷമായി അവർക്ക് അവകാശപ്പെട്ട ഭൂമിക്കായി മാരാങ്കോട് വനമേഖലയിൽ കുടിൽകെട്ടി താമസിക്കുന്ന സാഹചര്യമാണുള്ളത്. അതിദയനീയമായ ജീവിതസാഹചര്യമാണ് അവരെ സംബന്ധിച്ചിടത്തോളമുള്ളത്. ചെറിയകുട്ടികൾക്കുപോലും ആവശ്യമായ സൗകര്യങ്ങളോ വൈദ്യുതി കണക്ഷനോ കുടിവെള്ളമോ ജീവിക്കാൻവേണ്ട സാഹചര്യമോ പോലുമില്ലാതെ വളരെ കഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. അവർക്ക് അവകാശപ്പെട്ട ഭൂമി നൽകുന്നതിനുള്ള നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച ഉന്നതിയിലെ ആളുകളെ വർഷങ്ങൾക്കുമുമ്പ് വലിയ വനാന്തരത്തിൽനിന്നും വന്യമൃഗശല്യം എന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ മാറ്റി പാർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ആ

സ്ഥലത്ത് വീണ്ടും വന്യമൃഗങ്ങളുടെ ശല്യം വർധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ അവിടെനിന്നും സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റണമെന്നുള്ളതാണ് അവരുടെ ആവശ്യം. അതിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ടി വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടുഘട്ടമായി ചർച്ച നടത്തിയിരുന്നു. ആ കാര്യങ്ങൾ തുടർന്നും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ, ബഹുമാനപ്പെട്ട എം.എൽ.എ ഉന്നയിച്ച വിഷയങ്ങളായ സാനിറ്റേഷന്റെ സൗകര്യം, കുടിവെള്ളത്തിന്റെ പ്രശ്നങ്ങൾ എന്നിവ നിലവിൽ ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നു. മറ്റ് വിഷയങ്ങൾ അടിയന്തിരമായി ചെയ്തുകൊടുക്കണമെന്ന നിർദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, കോർപ്പസ് ഫണ്ടുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് 2014-ലെ സർക്കുലറാണ് നിലവിലുള്ളത്. പഴയ സർക്കുലർ നിലനിൽക്കുന്നതിനാൽ പദ്ധതികളൊന്നും നടപ്പിലാക്കാൻ സാധിക്കുന്നില്ല. എസ്.ടി. വകുപ്പ് അത് കൃത്യമായി നടപ്പിലാക്കുന്നുണ്ടെങ്കിലും എസ്.സി. വകുപ്പിൽ വ്യക്തിഗതമായ ആനുകൂല്യങ്ങളെല്ലാം ടി സർക്കുലർ

നിലവിലുള്ളതുകൊണ്ട് നടപ്പിലാക്കാൻ സാധിക്കുന്നില്ല. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് പഴയ സർക്കുലർ മാറ്റി പുതിയ സർക്കുലർ ഇറക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട എം.എൽ.എ ചൂണ്ടിക്കാണിച്ചതുപോലെ കോർപ്പസ് ഫണ്ടിന്റെ സാങ്കേതികവിദ്യയിൽ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സാധാരണഗതിയിൽ കോർപ്പസ് ഫണ്ടിന്റെ നിർദേശങ്ങൾ ഗ്രാമപഞ്ചായത്തിൽനിന്നും ശേഖരിച്ച് റ്റി.ഡി.ഒ. മുഖേന ജില്ലാതല വർക്കിങ് ഗ്രൂപ്പിൽ കൊണ്ടുവന്ന് ജില്ലാ വർക്കിങ് ഗ്രൂപ്പിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപയിൽ അധികരിക്കുന്ന വർക്കുകൾ സ്റ്റേറ്റ് വർക്കിങ് ഗ്രൂപ്പിലേക്കും 25 ലക്ഷത്തിൽ താഴെയുള്ളവ ജില്ലാതലത്തിലും അംഗീകരിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ വകുപ്പിന് സ്വന്തമായി ഒരു ടെക്നിക്കൽ വിങ് ഇല്ലായെന്നുള്ളത് ശരിയാണ്. ആയതിനാൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുമ്പോൾ അവരുടെ പദ്ധതികൾതന്നെ

ഇംപ്ലിമെന്റ് ചെയ്യാനുള്ള ബുദ്ധിമുട്ട് അവർ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ടി വിഷയം പരിശോധിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. പി. കെ. ബഷീർ: സർ, അംബേദ്കർ ഗ്രാമം പോലുള്ള പദ്ധതികൾക്ക് ഗവൺമെന്റ് ഉത്തരവ് കൊടുക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മൂന്ന് വർക്ക് കൊടുത്തിട്ടുണ്ട്; എന്നാൽ ഒരു വർക്കും തുടങ്ങിയിട്ടില്ല. ആദിവാസി കോളനിയിലെ ഒരു കോടി രൂപയുടെ പ്രവൃത്തി ഇവർക്ക് കൊടുത്തിട്ടും ഒന്നും നടന്നിട്ടില്ല. വർക്ക് ഇവർക്ക് കൊടുക്കാതെ നിർമ്മിതിക്കോ മറ്റുള്ളവർക്കോ കൊടുക്കുകയോ; അതോ, ടെണ്ടർ ചെയ്യുകയോ ചെയ്യുകൂടെ (....ബഹളം...) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ കുറ്റം പറയുകയല്ല; അവർക്ക് അമ്പതുമുതൽ നൂറ്റമ്പത് കോടി രൂപയുടെവരെ പ്രവൃത്തികളുണ്ട്. എന്നാൽ ഇവിടെ ആദിവാസികൾക്ക് ഒരു കോടിയുടെ പ്രവൃത്തിക്ക് ഓർഡർ കൊടുത്തിട്ട് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. ഒ. ആർ. കേളു: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കുതന്നെ കോൺട്രാക്റ്റ് കൊടുക്കണമെന്ന് ഉത്തരവിൽ പറഞ്ഞിട്ടില്ല. ഏത് ഏജൻസിയെയാണ് ഏൽപ്പിക്കേണ്ടതെന്നുള്ള അധികാരം അതത് എം.എൽ.എ.-മാർക്കാണെന്ന് ടി ഉത്തരവിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. (....ബഹളം...) ഇതിനായി എൽ.എസ്.ജി.ഡി., ഗവൺമെന്റിനുകീഴിലുള്ള അക്രഡിറ്റഡ് ഏജൻസി എന്നിവയെ അതത് എം.എൽ.എ.-മാർക്ക് ചുമതലപ്പെടുത്താമെന്ന് ടി ഉത്തരവിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, കഴിഞ്ഞ ദിവസം ഒരു ദളിത് സംഘടനയുടെ പ്രോഗ്രാമിൽ പങ്കെടുത്തപ്പോൾ അവർ ഉന്നയിച്ച ഒരു ചോദ്യം സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. ഇ-ഗ്രാന്റ്സ് അടക്കം പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ധാരാളം ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിയുണ്ട്. അതിന്റെകൂടെ അദ്ദേഹം പറഞ്ഞൊരു കാര്യം, ചരിത്രത്തിലാദ്യമായി പട്ടികജാതി വിഭാഗത്തിൽനിന്നും ഒരു മന്ത്രി

ഇല്ലാത്തതുകൊണ്ടാണോ ആനുകൂല്യം ലഭിക്കാത്തതെന്നും ഈ കാര്യം നിയമസഭയിൽ ഉന്നയിക്കുമോയെന്നും ചോദിച്ചു. പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, പത്രമാധ്യമങ്ങളിൽ ചില തെറ്റായ വാർത്തകൾ വന്നിരുന്നു; അതിന്റെ അടിസ്ഥാനത്തിലായിരിക്കും ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം സൂചിപ്പിച്ചത്. ഇതുസംബന്ധിച്ച് വകുപ്പ് പരിശോധിച്ചിരുന്നു. 2026 ജനുവരി വരെയുള്ള ലംപ്സംഗ്രാന്റും സ്കോളർഷിപ്പുകളും ഇക്കാലയളവിനുള്ളിൽ കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. പുതിയ അപേക്ഷകൾ വരുന്നതുമാത്രമെ ഇനി പരിശോധിക്കാനുള്ളൂ. ചില പത്രമാധ്യമങ്ങൾ തെറ്റായ വാർത്തയാണ് പ്രചരിപ്പിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, അംബേദ്കർ ഗ്രാമപദ്ധതിക്ക് ഒരു കോടി രൂപയാണ് അനുവദിക്കുന്നത്. ഒരു കോടി രൂപയിൽ ജി.എസ്.ടി.-യും ഏജൻസി ചാർജ്ജും ഉൾപ്പെടെ മാറ്റിക്കഴിഞ്ഞാൽ 72 ലക്ഷം

അല്ലെങ്കിൽ 80 ലക്ഷം രൂപ മാത്രമേ ഒരു ഉന്നതിക്ക് കിട്ടുകയുള്ളൂ. ഈ ചാർജ്ജുകളെല്ലാം ഒഴിവാക്കിക്കഴിഞ്ഞാൽ ലഭിക്കുന്ന തുക വളരെ തുച്ഛമാണ്. ഈ തുക വർധിപ്പിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ വിഷയം ശരിയാണ്. ജി.എസ്.ടി. ഒഴിവാക്കാനുള്ള നടപടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം പദ്ധതികൾ സെലക്ട് ചെയ്യുമ്പോൾ വ്യക്തിഗത ആനുകൂല്യങ്ങൾ ഗുണഭോക്താവിന് നേരിട്ട് കൊടുക്കുകയാണെങ്കിൽ ജി.എസ്.ടി. ഒഴിവാക്കാൻ സാധിക്കും. പൊതുവിൽ, ജി.എസ്.ടി. ഉൾപ്പെടുത്തിമാത്രമെ എടുക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ, തുക വർധിപ്പിക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019-ൽ ഉണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട് ഇരുന്നൂറിലധികം ആദിവാസി കുടുംബങ്ങൾ ദുരിതമനുഭവിക്കുകയാണ്. പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ

വാണിയമ്പുഴ, കുമ്പളപാറ, തണ്ടക്കല്ല്, അതുപോലെ, വഴിക്കടവ് ഗ്രാമപഞ്ചായത്ത്, പോത്തുകല്ല് ഗ്രാമപഞ്ചായത്ത്, കരുളായി ഗ്രാമപഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിലെ ജനങ്ങൾ കഴിഞ്ഞ ഏഴ് വർഷമായി നീല പ്ലാസ്റ്റിക് ഷീറ്റിനുള്ളിലാണ് കഴിയുന്നത്. ഇതുവരെയും അവിടെ പുനരധിവാസം നടന്നിട്ടില്ല. അവർക്ക് ശൗചാലയവും കുടിവെള്ളവുമില്ല. തിരഞ്ഞെടുപ്പുകാലത്ത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവരുടെ അവസ്ഥ നേരിട്ട് കണ്ടതാണ്. അവരുടെ പുനരധിവാസം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അവർക്ക് അവകാശപ്പെട്ട ഭൂമി എന്ന് കൊടുക്കാൻ കഴിയുമെന്നും അവർക്ക് പാർപ്പിട സൗകര്യം എന്ന് നൽകാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പ്രളയത്തിൽ പൂർണ്ണമായി തകർന്ന പ്രദേശമെന്നനിലക്ക് ഞാൻ നേരിട്ടുപോകുകയും പരിശോധിക്കുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുള്ള പ്രദേശമാണത്. അവിടെയുള്ള ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പ് ചെയ്തുവരുന്നുണ്ട്. അവർ വനപ്രദേശത്താണ് താമസിച്ചുവരുന്നത്. വനത്തിനുള്ളിൽനിന്ന് മറ്റ്

പ്രദേശത്തേക്ക് വരാനുള്ള വിമുഖത പ്രകടിപ്പിച്ചിട്ടുണ്ട്. എങ്കിലും അവരുടെ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. അതിനായി വകുപ്പ് TRDM (Tribal Rehabilitation Development Mission) പ്രകാരം അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരികയാണ്.

**ആദിവാസി വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിന് നടപടി**

2 (*62)ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. കെ. എം. സച്ചിൻദേവ്):
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സമൂഹത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് ഇത്തരത്തിൽ പഠനത്തിനായി ധനസഹായം നൽകുന്നത്; ഏതെല്ലാം പദ്ധതികളിലൂടെയാണ് ഈ സഹായം ലഭ്യമാകുന്നത്; വ്യക്തമാക്കാമോ;

(സി) ആദിവാസി കുടിലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അവരുടെ തനത് ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഏതെല്ലാം സ്കൂളുകളിലൂടെയാണ് ഈ വിദ്യാർഥികളെ അവരുടെ തനത് ഭാഷയിൽ പഠിപ്പിക്കാൻ സാധിച്ചിട്ടുള്ളത്?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച്

& ഡവലപ്മെന്റ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി, എം.ആർ.എസ്.-കൾ, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധു പദ്ധതി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ, ലാപ്ടോപ്പ് വിതരണം, അന്യസംസ്ഥാന പഠന ധനസഹായം, വിദേശപഠനത്തിനുള്ള ധനസഹായം, സിവിൽ സർവീസ് പരിശീലനം, കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, PSC പരിശീലന പരിപാടി, എൻട്രൻസ് കോച്ചിങ്, ട്യൂട്ടോറിയൽ ഗ്രാന്റ്, റെസിഡൻഷ്യൽ കോച്ചിങ് ക്യാമ്പ്, ഗിരിവികാസ് പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ തനത് ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആവശ്യം പരിഗണിക്കുന്നതിന്റെ ഭാഗമായി ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക്

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ പ്രശ്നങ്ങൾ മുൻനിർത്തി സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നതിനായി ഗോത്രബന്ധു പദ്ധതി മുഖേന മെന്റർ ടീച്ചർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) നിലവിൽ പ്രൈമറി തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികളുടെ ഭാഷാ പ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക എന്നീ പ്രശ്നങ്ങൾ മുൻനിർത്തി സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഈ അധ്യായന വർഷം പൊതുപരീക്ഷ എഴുതുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഉയർന്ന ഗ്രേഡ് ഉറപ്പാക്കുന്നതിനുവേണ്ടി സാമൂഹ്യ പഠനമുറികൾ വഴി

എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ വാർഷിക പരീക്ഷയ്ക്കായി തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് ഈ കേന്ദ്രങ്ങൾ വഴി എന്തെല്ലാം കാര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, നമ്മുടെ സംസ്ഥാനത്തെ പട്ടികവർഗ വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി നിലവിൽ പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി, എം.ആർ.എസ്-കൾ, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധു പദ്ധതി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ, ലാപ്ടോപ്പ് വിതരണം, അന്യസംസ്ഥാന പഠന ധനസഹായം, വിദേശപഠനത്തിനുള്ള ധനസഹായം, സിവിൽ സർവീസ് പരിശീലനം,

കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, PSC പരിശീലന പരിപാടി, എൻട്രൻസ് കോച്ചിങ്, ട്യൂട്ടോറിയൽ ഗ്രാന്റ്, റെസിഡൻഷ്യൽ കോച്ചിങ് ക്യാമ്പ്, ഗിരിവികാസ് പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും പഠനമുറികൾ കേന്ദ്രീകരിച്ച് അവധിക്കാല പഠനോത്സവം സംഘടിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, നിലവിൽ വകുപ്പിന്റെ കീഴിൽ 364 സാമൂഹ്യ പഠനമുറികളുണ്ട്. ഒന്നാമതായി, സാമൂഹ്യപഠനമുറികളിൽ പ്രത്യേകമായിട്ടുള്ള ക്യാമ്പുകൾ സംഘടിപ്പിച്ച് പരീക്ഷക്കുവേണ്ടിയുള്ള സജ്ജീകരണങ്ങളാണ് നടത്തിവരുന്നത്. രണ്ടാമതായി, എല്ലാ വർഷവും നടത്തിവരുന്നതുപോലെ ഈ വർഷവും പത്താം ക്ലാസ്സിലും പ്ലസ്‌വണ്ണിലും പ്ലസ്ടൂവിലും ഉള്ള കുട്ടികൾക്കായി ഹൈസ്കൂൾ-പ്ലസ്ടൂ തലത്തിൽ പരീക്ഷാ കാലയളവിൽ പ്രത്യേക കോച്ചിങിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും കുട്ടികളെ

നൂറ് ശതമാനം വിജയിപ്പിക്കുന്നതിനുംവേണ്ടിയിട്ടുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഉന്നതികളുടെ ഉന്നതി മാത്രമല്ല, സാമൂഹ്യ പുരോഗതിയിൽ വലിയ പങ്ക് വഹിക്കേണ്ട പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ വരുംതലമുറയെ വാർത്തെടുക്കാൻ വിദ്യാഭ്യാസ മേഖലയിൽ ഉന്നതമായ പഠനത്തിന് അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കുകയും അവർക്ക് ആവശ്യമായ പഠനസൗകര്യമൊരുക്കുകയും ചെയ്ത വകുപ്പ് മന്ത്രിയെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. പട്ടികവർഗ വിദ്യാർഥികൾക്കായി പുതിയതായി ആരംഭിച്ച സ്മാർട്ട് പഠനമുറി പദ്ധതി പ്രകാരം ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയാണ്; ഇത് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; എത്രപേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു; വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, സാമൂഹ്യ പഠനമുറി ആരംഭിച്ചിട്ട് കുറച്ച് വർഷങ്ങളായി. ഒരു യൂണിറ്റിന് രണ്ടരലക്ഷം രൂപയാണ് നിലവിൽ

അനുവദിച്ചുവരുന്നത്. അതിനുപുറമേ സ്മാർട്ട് പഠനമുറിയും പുതിയതായി ആരംഭിച്ചിട്ടുണ്ട്. സ്വന്തം വീടുകളിൽ പഠിക്കാൻ സൗകര്യമില്ലാത്ത ചില കുട്ടികളുണ്ട്. അവർക്ക് പ്രത്യകമായ റൂം സജ്ജീകരിച്ച് അതിൽ ടേബിൾ, കസേര, ഇന്റർനെറ്റ് കണക്ഷൻ, കെ-ഫോൺ എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളും സജ്ജീകരിച്ചുകൊണ്ട് കുട്ടിക്ക് ഇരുന്ന് പഠിക്കാൻ ആവശ്യമായ സംവിധാനം എന്ന നിലക്കാണ് പഠനമുറി ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ അയ്യായിരത്തിലധികം പഠനമുറികൾ നടപ്പാക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ മാനദണ്ഡം, സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നതിനു പുറമെയുള്ള രക്ഷിതാക്കളുടെ മക്കളെയാണ് ഇത്തരം കാര്യങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കുന്നത്. അതുപോലെ വിധവകളായ സഹോദരിമാരുടെ കുട്ടികൾക്ക് മുൻഗണന കൊടുക്കുന്നുണ്ട്. വരുമാന പരിധിയും മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്. ഈ രീതിയിലാണ് ഒരു കുട്ടിയെ ഈ പദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനത്തിന് പോകുന്ന പട്ടികവർഗ വിദ്യാർഥികൾക്കായി നാളിതുവരെ എത്ര പേർക്കാണ് ധനസഹായത്തിനായി നൽകിയിട്ടുള്ളത്; ഒരാൾക്ക് പരമാവധി എത്ര തുകയാണ് ഈ പദ്ധതി പ്രകാരം നൽകുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, എസ്.സി., എസ്.ടി. വിഭാഗക്കാരെച്ചേർത്ത് ആകെ 1160 കുട്ടികളാണ് ഇപ്പോൾ വിദേശത്ത് പഠിക്കുന്നത്. ഒരു കുട്ടിക്ക് 25 ലക്ഷം രൂപയാണ് കൊടുക്കുന്നത്. പട്ടികവർഗ വിഭാഗത്തിൽ മാത്രമായി 81 കുട്ടികളാണ് വിദേശത്ത് പോയിട്ടുള്ളത്.

ശ്രീ. ജി. സ്റ്റീഫൻ: സർ, പട്ടികവർഗ വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതിയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. എന്റെ മണ്ഡലത്തിലെ കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞുവെന്ന കാരണത്താൽ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. അവിടെ കിഫ്ബി പദ്ധതി മുഖേനയാണ്

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് അടിയന്തരമായി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. കുറ്റിച്ചലിൽ എം.ആർ.എസ്. ഹോസ്റ്റൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സ്ഥിരമായി ഒരു കെട്ടിടം വേണ്ടത് ആവശ്യമാണ്. ആ ഹോസ്റ്റൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റാതെ അവിടെത്തന്നെ വേണമെന്നുള്ള കാര്യത്തിൽ പ്രദേശവാസികൾ ഉറച്ചുനിൽക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഈ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. ചില സാങ്കേതിക കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. ഇക്കാര്യങ്ങളിൽ വകുപ്പ് ഇടപ്പെട്ട് പരിശോധിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഓരോ ജില്ലയിലും വ്യത്യസ്ത ഗോത്രവിഭാഗങ്ങളാണ് ഉണ്ടാവുക. അവരെല്ലാം വ്യത്യസ്ത ഭാഷകളും ഉപഭാഷകളുമാണ് സംസാരിക്കുന്നത്. എല്ലാ ഭാഷകളിലും ഉപ ഭാഷകളിലും അവർക്ക് പാഠപുസ്തകങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നത് സംശയമാണ്. അധ്യാപകർക്കും മെന്റർ ടീച്ചർമാർക്കും പഠിപ്പിക്കുന്നതിനാവശ്യമായ പരിശീലനം ലഭിക്കാത്തത് പിന്നാക്ക വിഭാഗമായ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുന്നതിൽ പ്രയാസമുണ്ടാക്കുന്നുണ്ട്. അത് പരിഹരിക്കാൻ ആവശ്യമായ നടപടിയുണ്ടാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യം 2016-ൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് 'ഗോത്രബന്ധു' പദ്ധതിക്ക് ഈ സർക്കാർ രൂപം കൊടുത്തത്. വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിവരികയാണ്. ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾക്ക് അവരുടെ തനത്

ഭാഷയിൽ പറഞ്ഞാൽ മാത്രമേ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളതിനാൽ അത്തരം ഭാഷകൾ അറിയാവുന്ന 326 മെന്റർ ടീച്ചർമാരെ ഈ മൂന്ന് ജില്ലകളിൽനിന്ന് തെരഞ്ഞെടുത്തു. അവർമുഖേന ഇത്തരം മനസ്സിലാകാത്ത കാര്യങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ പുരോഗതിയാണ് ഈ ഭാഷ സംബന്ധിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, കുട്ടികളുടെ പഠനത്തിനുവേണ്ടി ഏറ്റവും അനിവാര്യമായ കാര്യമാണ് കമ്പ്യൂട്ടറിന്റെ ലഭ്യത. കൂടുതൽ ആദിവാസി കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അതിനാവശ്യമായ സൗകര്യങ്ങളില്ല, ഉപകരണങ്ങളില്ല എന്നുള്ള വിഷയം വളരെ ഗൗരവതരമാണ്. എം.എൽ.എ. ഫണ്ടിൽനിന്ന് ഫണ്ട് കൊടുക്കാൻ സാധിക്കുന്നുണ്ടെങ്കിലും ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേകമായ പദ്ധതി ഇതിനാവശ്യമാണെന്ന് തോന്നുന്നു. എസ്.ടി. വിഭാഗത്തിൽനിന്ന് കൂടുതൽ കുട്ടികൾ പഠിക്കുന്ന

സ്കൂളുകളിൽ അവർക്കാവശ്യമായ ഉപകരണങ്ങൾ ഉറപ്പുവരുത്തുന്ന പ്രത്യേക സ്കീം അതിനുവേണ്ടി നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, രണ്ടു വകുപ്പുകളിലുംകൂടി ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കുന്ന കുട്ടികൾക്ക് നിലവിൽ ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി കുറച്ച് വർഷങ്ങളായി സർക്കാർ നടപ്പാക്കി വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് ലാപ്ടോപ്പ് നിർബന്ധമായതിനാൽ കുട്ടികളിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറക്ക് അവർക്ക് ലാപ്ടോപ്പ് നൽകി വരുന്നുണ്ട്. എറ്റവും നല്ല രീതിയിൽ ഈ പദ്ധതി വകുപ്പും സർക്കാരും നടപ്പാക്കിവരികയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, പട്ടികജാതി മേഖലയിൽ വിദ്യാർഥികളുടെ പഠനത്തോടൊപ്പം അവരുടെ കായിക അഭിരുചിയും തൊഴിൽ രീതികളും നല്ല രീതിയിൽ പ്രയോജനപ്പെടുത്താൻ ഐ.ടി.ഐ.കൾ. വഴി കഴിയുന്നതാണ്. ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലത്തും മലപ്പുറത്തും ഉൾപ്പെടെ വലിയ ഭൗതിക സൗകര്യങ്ങളാണ് പട്ടികജാതി വകുപ്പിന്

കീഴിലുള്ള ഐ.ടി.ഐ.കളുടെ പ്രവർത്തനത്തിനായി നീക്കി വച്ചത്. അവിടെ ആധുനികരീതിയിലുള്ള കോഴ്സുകൾ ആരംഭിക്കാനും പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ആ നിലയിൽ കൂടുതൽ സൗകര്യം ഉറപ്പുവരുത്തുന്ന നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, എസ്.സി. വകുപ്പിൽ 42 ഐ.ടി.ഐ.കളും എസ്.ടി. വകുപ്പിൽ 2 ഐ.ടി.ഐ.കളുമാണ് നിലവിലുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. അത്തരം ഐ.ടി.ഐ.കളിൽ പഴയ കോഴ്സുകളാണ് നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് ആ കോഴ്സുകൾക്ക് വലിയ പ്രയോജനമില്ലാത്ത സാഹചര്യത്തിൽ അത്തരം ഐ.ടി.ഐ.കളിൽ ഏറ്റവും ആധുനിക രീതിയിലുള്ള കോഴ്സുകൾ നൽകുന്നതിനുവേണ്ടിയുള്ള നടപടി നിലവിൽ വകുപ്പ് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കേരള ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള 'വിജ്ഞാന കേരളം' പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ വിഭാഗത്തിലെ കുട്ടികൾക്ക് പരമാവധി തൊഴിൽ നൽകുകയെന്ന ലക്ഷ്യമാണുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ 46 ഐ.ടി.ഐ.കളിലും ആധുനികരീതിയിലുള്ള

കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, 'അതിദരിദ്രരില്ലാത്ത കേരളം' എന്ന് നമ്മൾ പെരുമ്പറ മുഴക്കികൊണ്ടിരിക്കുന്ന കാലത്ത് പട്ടികവർഗ്ഗ കോളനികളുടെ സ്ഥിതി വളരെ ദയനീയമാണ്. ഇതിലേറ്റവും പ്രധാനമായ കാര്യം, എന്റെ നിയോജക മണ്ഡലത്തിൽ ഇടിഞ്ഞാടി കോളനി അടക്കം നിരവധി സദ്ഗ്രാമങ്ങളിൽ ഇപ്പോഴും ഡ്രോപ്പ്ഔട്ട് നിരക്ക് വളരെക്കൂടുതലാണ്. ഇവരെ ഏറ്റെടുത്ത് നടത്തുന്ന സായികേന്ദ്രം സ്ഥാപനത്തിൽ നൂറിലേറെ കുട്ടികൾ പഠിക്കുന്നുണ്ട്. ഇത്തരം സന്നദ്ധ പ്രവർത്തനം നടത്തുന്ന സംഘടനകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഗ്രാന്റ് നൽകി ഡ്രോപ്പ് ഔട്ടാകുന്ന കുട്ടികളെ സംരക്ഷിക്കുന്നവരെ സഹായിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇവിടെ രണ്ട് കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ദരിദ്രരും അതിദരിദ്രരും രണ്ട് വിഭാഗത്തിൽപ്പെടുന്നതാണ്. ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്തവരും മരുന്ന് വാങ്ങാൻ തീരെ നിവൃത്തിയില്ലാത്തവരെയുമാണ്

അതിദരിദ്രരെന്ന് പറയുന്നത്. അതാണ് സർക്കാർ ടേക്ക് അപ്പ് ചെയ്തിട്ടുള്ളത്. അതിന്റെ പ്രഖ്യാപനമാണ് മുഖ്യമന്ത്രി ഇവിടെ നടത്തിയിട്ടുള്ളത്. അത്തരം കാര്യങ്ങൾ പരിശോധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അതിദരിദ്രമുക്തമാക്കിയിട്ടുണ്ട്. ഡ്രോപ്പ്ഔട്ട് അവസാനിപ്പിക്കുന്നതിനുവേണ്ടി 'ബാക്ക് ടു സ്കൂൾ' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ പോകുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ആദിവാസി ഉന്നതികളിൽ കൃത്യമായ വിദ്യാഭ്യാസം ലഭിക്കാത്ത ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുണ്ട്. കഴിഞ്ഞ ഓണത്തിന് എന്റെ മണ്ഡലമായ പെരുമ്പാവൂരിലെ പൊങ്ങൻ ചോട് ആദിവാസി കോളനിയിൽ പോയപ്പോൾ എട്ട് വയസ്സുള്ള അന്ധനായ ഒരു കുട്ടിയെ കണ്ടു. അവൻ അതുവരെയും സ്കൂളിൽ പോയിട്ടില്ലായിരുന്നു. ഞാൻ അവനെ നിർബന്ധിച്ച് ആലുവ സ്കൂളിൽ കൊണ്ടുപോയി ചേർത്തു. അത്തരം കുട്ടികൾ ഇപ്പോഴും ആദിവാസി മേഖലയിലുണ്ട്. കൃത്യമായ പഠനം നടത്തി ഇത്തരം കുട്ടികളെ

വിദ്യാലയങ്ങളിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ; ഇത്തരം കുട്ടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇത്തരം കുട്ടികൾ എല്ലാ മേഖലയിലുമുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ ആരംഭിച്ച് അവയെ ശക്തിപ്പെടുത്തിവരുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലുള്ള കുട്ടികളെ കണ്ടെത്തി, അവർക്കനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജലനയം**

(*63) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിണറുകൾ കുഴിക്കുന്നതിനും ഭൂഗർഭ ജലത്തിന്റെ ഉപയോഗത്തിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അശാസ്ത്രീയമായ രീതിയിലുള്ള കിണർ നിർമ്മാണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വരൾച്ചയും ജലക്ഷാമവുമുള്ള പ്രദേശങ്ങളിലെ അമിതജല ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ജലനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സംസ്ഥാനത്ത് കിണറുകൾ കുഴിക്കുന്നതിനും

ഭൂജല ഉപയോഗത്തിനും നിലവിലുള്ള നിയന്ത്രണങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

(1) കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം ഏതൊരു കിണർ നിർമ്മാണത്തിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടതാണ്.

(2) തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി പെർമിറ്റ് നൽകുന്നതിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (ഭൂജല പര്യവേഷണ പഠന റിപ്പോർട്ട്) അനിവാര്യമാണ്.

(3) നിലവിൽ സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകളിൽ മാത്രം ഗാർഹിക ആവശ്യത്തിനുവേണ്ടിയുള്ള തുറന്ന കിണറുകൾ ഒഴികെ മറ്റെല്ലാ ഭൂജല സ്രോതസ്സുകളുടെ നിർമ്മാണത്തിനും തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ പെർമിറ്റിന് പുറമെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് കൂടി കരസ്ഥമാക്കേണ്ടതാണ്.

(4) വ്യാവസായിക അടിസ്ഥാനത്തിൽ ഭൂജല സ്രോതസ്സുകൾ ഉപയോഗിക്കുന്ന പദ്ധതികൾക്ക് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ പെർമിറ്റിന് പുറമെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) ആവശ്യമാണ്.

(ബി) അശാസ്ത്രീയമായ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും ഭൂജല സംരക്ഷണം ഉറപ്പാക്കുന്നതിനും നിലവിൽ 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ ചട്ടങ്ങളും വ്യവസ്ഥകളുമുണ്ട്. എന്നാൽ അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം പൂർണ്ണമായും കാര്യക്ഷമമായും തടയുന്നതിന് 2014-ലെ സർക്കാർ ഉത്തരവ് പ്രകാരവും 2023-ലെ പരിഷ്കരിച്ച ഉത്തരവ് പ്രകാരവും 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ അശാസ്ത്രീയ കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും ഒരു പ്രദേശത്തെ ഭൂജല ചൂഷണം നിയന്ത്രിക്കണമെന്നോ ക്രമീകരിക്കണമെന്നോ കണ്ടാൽ, ആ പ്രദേശത്തെ

'വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം' (Notified Area) ആയി പ്രഖ്യാപിക്കാറുണ്ട്. ഇത്തരത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഭൂജല ചൂഷണം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്നുണ്ട്.

വരൾച്ചയും ജലക്ഷാമവും നേരിടുന്ന പ്രദേശങ്ങളിലെ അമിത ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭൂജല വകുപ്പ് മുഖേന നിലവിൽ പുതിയ നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തി വരുന്നില്ല. എന്നാൽ ദുരന്തനിവാരണ നിയമപ്രകാരം അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങളും നിയന്ത്രണങ്ങളും കർശനമായി നടപ്പാക്കി വരുന്നുണ്ട്.

(ഡി) കേരളത്തിൽ 2008-ലാണ് സംസ്ഥാന ജല നയം രൂപീകരിച്ചത്. 2012-ൽ കേന്ദ്രം ദേശീയ ജലനയം പ്രാബല്യത്തിൽ കൊണ്ടുവന്നു. പ്രസ്തുത ദേശീയ ജലനയത്തിന്റെയും അതോടൊപ്പം കേരളത്തിന്റെ തനത് സവിശേഷതകൾ കണക്കിലെടുത്തും കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ മനസ്സിലാക്കിക്കൊണ്ടും ഭാവിയിൽ സുസ്ഥിരമായ ജലസുരക്ഷ

എല്ലാ വിഭാഗം ജനങ്ങൾക്കും ഉറപ്പാക്കുന്നതിനും സംസ്ഥാന ജലനയം പരിഷ്കരിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ ആദ്യ റിപ്പോർട്ട് നിലവിൽ സർക്കാരിന്റെ പരിശോധനയിലുമാണ്. വിവിധ വകുപ്പുകൾ, വിവിധ സ്ഥാപനങ്ങൾ, വിവിധ ജനവിഭാഗങ്ങൾ എന്നിവരുമായി അനവധി ചർച്ചകൾ ആവശ്യമുള്ളതിനാൽ ഇക്കാര്യത്തിൽ  ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ജലനയത്തിന്റെ ഭാഗമായി കിണറുകൾക്ക് രജിസ്ട്രേഷനും ലെയ്സൺ സംവിധാനവും ഏർപ്പെടുത്തുകയാണ്. ഭൂഗർഭ ജല ഉപയോഗത്തിന് പരിധി നിശ്ചയിക്കേണ്ട സാഹചര്യം വന്നാൽ പ്രത്യേകിച്ച് ജനവാസ കേന്ദ്രങ്ങളിലും ഗ്രാമങ്ങളിലും അടിസ്ഥാന വർഗ്ഗങ്ങളുടെ കുടിവെള്ള അവകാശത്തെ ബാധിക്കുകയില്ലെന്ന് എങ്ങനെയാണ് സർക്കാർ ഉറപ്പുവരുത്തുന്നത്?

<u>ശ്രീ. കെ. രാജൻ</u>: സർ,  കുടിവെള്ളത്തെ ഒരു സാമൂഹ്യ അവകാശമായി കണക്കാക്കി എല്ലാവർക്കും സുരക്ഷിതമായി കുടിവെള്ളം ഉറപ്പുവരുത്തുക

എന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അതിന്റെ ഭാഗമായാണ് ജലനയത്തിന്റെ കരട് പുതുക്കി കൊണ്ടുവരണമെന്ന് നമ്മൾ ആഗ്രഹിക്കുന്നത്. നാല് സോണുകളിൽ നാല് ബ്ലോക്കുകളിലായിട്ടാണ് കേരളത്തിന്റെ ഭൂജല ലഭ്യത കണക്കാക്കുന്നത്. സേഫ് സോണിൽ ഒരു പ്രശ്നവും വരുന്നില്ല. സെമി ക്രിട്ടിക്കൽ സോൺ-27 എണ്ണവും ക്രിട്ടിക്കൽ സോൺ-3 എണ്ണം (കാസർഗോഡ്, ചിറ്റൂർ, മലമ്പുഴ) ആണുള്ളത്. ഓവർ എക്സ്പ്ലോയിറ്റഡ് കേരളത്തിലില്ല. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ open well-ന് ഒരു അപകടവുമില്ലാതെ സാധാരണ നിലയിൽ വ്യാവസായികാവശ്യത്തിന് മാത്രമെ ഭൂജല വകുപ്പിന്റെ എൻ.ഒ.സി.-യുടെ ആവശ്യം വാങ്ങുന്നുള്ളൂ. ബാക്കിയെല്ലാം ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുകയാണ്. ആ വിധത്തിൽ ഒരു പ്രയാസമുണ്ടാകാതെ സർക്കാർ ആവശ്യമായ നടപടി അതത് സമയത്ത് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജലനയം പ്രഖ്യാപിക്കുന്ന സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഇതിന്റെ ഭാഗമായി

ജൽജീവൻ മിഷന്റെ വർക്കുകൾ വളരെ ഭംഗിയായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. ജൽജീവൻ മിഷന്റെ വർക്കുകൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരും ഇപ്പോൾ വർക്ക് മുന്നോട്ടുകൊണ്ടുപോകുന്നില്ല. സർക്കാർ നൽകാനുള്ള പണം അവർക്ക് നൽകാത്തതുകൊണ്ട് എല്ലാം സ്തംഭിച്ചുകിടക്കുകയാണ്. എന്റെ മണ്ഡലത്തിലടക്കം ഇപ്പോൾ അനിശ്ചിതാവസ്ഥയിലാണ്. അവർക്ക് ഗ്രാന്റ് നൽകിക്കൊണ്ട് വർക്ക് പൂർത്തിയാക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ ആകെയുള്ള ഗ്രാമീണ വീടുകൾ 44671 ആണ്. ജൽജീവൻ മിഷൻ വരുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കണക്ഷൻ 4610 ആണ്. ജൽജീവൻ മിഷൻ വന്ന ചെറിയ കാലയളവിനുള്ളിൽ 86 ശതമാനം കണക്ഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ രണ്ടുംകൂടി 38428 കണക്ഷനുണ്ട്. 33818 പുതിയ കണക്ഷനാണുള്ളത്. ഇവിടെ ആ ചോദ്യം ചോദിച്ചത് വളരെ ഗുണകരമായെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ

ഭരണാനുമതി നൽകിയിട്ടുള്ള ആകെ ചെലവ് 44,715 കോടി രൂപയാണ്. 50 ശതമാനം കേന്ദ്ര ഗവൺമെന്റും 50 ശതമാനം കേരള ഗവൺമെന്റുമാണെന്നാണ് ജെ.ജെ.എം.-ന്റെ ധാരണ. ഇത് എല്ലാവർക്കും ആവശ്യമുള്ള ചോദ്യമായതുകൊണ്ടാണ് ഞാൻ വിശദീകരിച്ച് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് ഈ കാലയളവലിൽ ഈ പ്രവർത്തനങ്ങൾക്കുവേണ്ടി ആകെ നൽകിയിട്ടുള്ളത് 5,500 കോടി രൂപയാണ്. എന്നാൽ കേരളത്തിലെ ഗവൺമെന്റ് അതാണ് തുല്യമായ സ്റ്റേറ്റ് ഷെയറെങ്കിലും ഇതിനകംതന്നെ 8,000 കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി കേരളം ചെലവഴിച്ചുകഴിഞ്ഞു. ഇതും തീരുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേന്ദ്രം നമ്മളെ കിണറ്റിലിറക്കി ഗോവണി എടുക്കാൻ നിന്നാലും ഇത് നടത്തി മുന്നോട്ടുപോകണമല്ലോ. അതിന്റെ ഭാഗമായി 9,000 കോടി രൂപ നബാർഡിൽനിന്നും വായ്പയെടുക്കാൻ തീരുമാനിച്ചു. 5,000 കോടി രൂപ ആദ്യ ഘട്ടത്തിൽ ഭരണാനുമതി ലഭിച്ചെങ്കിലും 3,750 കോടി രൂപയിൽ 2,000 കോടി രൂപയും വിതരണം ചെയ്തു. 1,750 കോടി രൂപ കൂടി വിതരണത്തിനായി നീക്കിവച്ചിരിക്കുകയാണ്. അതുകൊണ്ട് അങ്ങയുടെ

മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ താമസിയാതെ ആ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി വസ്തുതാപരമല്ല. എല്ലാവർക്കും കുടിവെള്ളം വിതരണം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ജൽജീവൻ മിഷൻ (ജെ.ജെ.എം.) സംസ്ഥാനത്ത് ആരംഭിച്ചത്. പഞ്ചായത്ത് റോഡുകളും മറ്റും കിലോമീറ്ററുകളോളം പൊളിച്ച് പൈപ്പ് സ്ഥാപിച്ചുവെന്നല്ലാതെ വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പൈപ്പുകൾവഴി ജലവിതരണത്തിന് സാധിക്കുന്നില്ല. ഇത് ഞങ്ങളുടെ മാത്രം പരാതിയല്ല. എല്ലാ സ്ഥലത്തും ജലവിതരണം തുടങ്ങിയെന്ന് ഭരണപക്ഷാംഗങ്ങൾക്ക് അഭിപ്രായമുണ്ടോ?

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേക്ക് വരൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് പറഞ്ഞ കണക്ക് ശരിയല്ല. ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ, ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള തടസ്സം സംസ്ഥാനത്തിന്റെ മാച്ചിങ് ഗ്രാന്റ് നൽകാത്തതാണ്. ആ മാച്ചിങ് ഗ്രാന്റ് നൽകി, സംസ്ഥാനത്തുടനീളം

ജൽജീവൻ മിഷനിലൂടെ കുടിവെള്ളം നൽകുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കണക്കുകൾ പരസ്യമായിട്ട് പരിശോധിക്കാവുന്നതാണല്ലോ. അയ്യായിരത്തി അഞ്ഞൂറ് കോടി രൂപ മാത്രം കേന്ദ്ര സർക്കാർ നൽകുകയും ഇതിനകം സംസ്ഥാന സർക്കാർ എണ്ണായിരം കോടി രൂപ ചെലവഴിക്കുകയും ഒൻപതിനായിരം കോടി രൂപ കടമെടുക്കുകയും ചെയ്തിട്ടും കേന്ദ്ര സർക്കാരിനെ രക്ഷിക്കാനുള്ള അങ്ങയുടെ താൽപര്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എഴുപത് ലക്ഷം വീടുകളിലാണ് കുടിവെള്ള കണക്ഷൻ നൽകാൻ തീരുമാനിച്ചത്. അതിൽ പതിനേഴര ലക്ഷം കണക്ഷനുകൾ മാത്രമെ ജെ.ജെ.എം.-നുമുമ്പ് നേരിട്ട് നൽകിയിട്ടുള്ളൂ. ജെ.ജെ.എം. വന്നതിനുശേഷം വെള്ളം കൊടുക്കാൻ കഴിയുന്ന ഇരുപത്തിയൊന്ന് ലക്ഷം കണക്ഷനുകൾ കൊടുത്തിട്ടുണ്ട്. എട്ട് ലക്ഷം കണക്ഷനുകൾകൂടി കൊടുത്തിട്ടുണ്ടെങ്കിലും അവിടെ വെള്ളം കൊടുക്കാൻ കഴിയാത്തതുകൊണ്ട് അതിന്റെ പ്ലാന്റ് തയ്യാറാക്കിവരികയാണ്. ബഹുമാനപ്പെട്ട അംഗം സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുന്നതുകൊണ്ട്

വിരോധമൊന്നുമില്ല, പക്ഷേ കേരളത്തിന്റെ മാച്ചിങ് ഗ്രാന്റ് വയ്ക്കാത്തതാണ് പദ്ധതി പൂർത്തീകരണത്തിനുള്ള തടസ്സമെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. കേരളം ഇപ്പോൾ കടമെടുത്ത തുകകൂടി ഉപയോഗിച്ച് നിലവിൽ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതാണ്. പ്രശ്നമില്ല എന്ന് ഞങ്ങൾ പറയുന്നില്ല. ഇവിടെ ചോദിച്ച ഒരു ചോദ്യംകൂടിയുണ്ട്. കേന്ദ്ര സർക്കാർ മിഷൻ പിരീഡ് 2024 മാർച്ച് ആയി തീരുമാനിച്ച പദ്ധതിയാണിത്. പിന്നീടിത് 2025 മാർച്ച് മാസത്തിലേക്ക് അവർതന്നെ ദീർഘിപ്പിക്കുകയുണ്ടായി. കഴിഞ്ഞ കേന്ദ്ര ബജറ്റിൽ പദ്ധതി കാലാവധി 2028 മാർച്ച് മാസമാണെന്ന് കേന്ദ്രം പറഞ്ഞതല്ലാതെ അതുമായി ബന്ധപ്പെട്ട ഒരു സർക്കാർ ഉത്തരവും പുറപ്പെടുവിക്കുകയോ ആവശ്യമായ പദ്ധതി തുക നൽകുകയോ ചെയ്യുന്നില്ല. ഇതൊരു പ്രതിസന്ധിയാണ്. അത് പരിഹരിക്കാൻ കേരളം അതിന്റേതായ രീതിയിൽത്തന്നെ നടപടികളുമായി മുന്നോട്ടുപോകും.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കുടിവെള്ളത്തിനായി സ്വന്തം വീട്ടിൽ ഒരു ചെറിയ കിണർ കുഴിക്കുന്നതിനുപോലും മൂന്നും നാലും സർക്കാർ

ഓഫീസുകളിൽനിന്ന് അനുമതി ലഭ്യമാക്കേണ്ട ഗതികേടാണ് ഇന്നുള്ളത്. ഇത് ഭരണഘടന ഉറപ്പുനൽകുന്ന അടിസ്ഥാന ജീവിതാവകാശത്തെ ലംഘിക്കുന്നതാണ്. കുടിവെള്ളം അവകാശമാണെന്ന് സുപ്രീംകോടതിയടക്കം വ്യക്തമാക്കിയ സാഹചര്യത്തിൽ അതിന്റെ വിനിയോഗം നിയന്ത്രിക്കുന്ന നയം നിയമപരമായി നിലനിൽക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഓപ്പൺ വെൽ കുഴിക്കുന്നതിന് സാധാരണനിലയിൽ ഒരു പെർമിറ്റും വാങ്ങേണ്ട കാര്യമില്ല. ഇതിൽനിന്ന് വ്യത്യസ്തമായി ഓപ്പൺ വെൽ കുഴിക്കുന്നതിന് പെർമിറ്റിനായി ആരെങ്കിലും ബുദ്ധിമുട്ടിക്കുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച് അങ്ങ് എഴുതിത്തന്നാൽ അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്. ഗാർഹികാവശ്യത്തിനായി കുഴൽക്കിണർ കുഴിക്കുന്നതിന് വലിയ സംവിധാനമൊന്നും ആവശ്യമില്ല. ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് പെർമിറ്റ് നൽകാവുന്നതേയുള്ളൂ. ഇങ്ങനെയല്ലാതെ എന്തെങ്കിലും തരത്തിലുള്ള വ്യക്തിപരമായ അനുഭവം ബഹുമാനപ്പെട്ട അംഗത്തിനോ അദ്ദേഹത്തിന്റെ മണ്ഡലത്തിലോ ഉണ്ടെങ്കിൽ

അനുസംബന്ധിച്ച് എഴുതി നൽകിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം. ഭരണഘടനയുള്ള നമ്മുടെ രാജ്യത്ത് സാർവത്രികമായി എല്ലാ വിഭാഗം ജനങ്ങൾക്കും കുടിവെള്ളം ലഭിക്കണമെന്നതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ഇക്കാര്യത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതായിരിക്കും.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിലും ജലസംഭരണികളിലും അപകടകാരികളായ രോഗാണുക്കളുടെ സാന്നിധ്യമില്ലെന്ന് ഉറപ്പാക്കുന്നതിനായി ജലഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, വളരെ വിശദമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിക്കുന്നത്. ഞാൻ ചുരുക്കി മാത്രമെ മറുപടി പറയുന്നുള്ളൂ. യഥാർത്ഥത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി നിലവിൽ സംസ്ഥാനത്ത് NABL (National Accreditation Board for Testing and Calibration Laboratories)-ന്റെ

അക്രഡിറ്റേഷനുള്ള എൺപത്തിയാറ് ലാബുകളുണ്ട്. ഇതിനുപുറമെ കുടുംബശ്രീ വനിതകൾക്ക് ഫീൽഡ് വാട്ടർ ടെസ്റ്റിങ് കിറ്റ് ലഭ്യമാക്കി അയ്യായിരം കുടുംബശ്രീകളെ ഗുണനിലവാര പരിശോധനയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് ജലവിനിയോഗം സംബന്ധിച്ച അവബോധം നൽകുന്നതിനായി തൊള്ളായിരം ജലശ്രീ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. ഇരുപത്തിയെട്ട് സ്കൂളുകളിൽ ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ കേരളത്തിൽ ഹരിത കേരളം മിഷന്റെ ഭാഗമായി അതിശക്തമായ ഇടപെടലുകൾ നടത്തി, നമ്മുടെയെല്ലാം മണ്ഡലങ്ങളിലുൾപ്പെടെ എം.എൽ.എ.-മാരുടെ താൽക്കാലിക/പ്രാദേശിക ഫണ്ടിൽനിന്ന് തുക ചെലവഴിച്ചുകൊണ്ട് വളരെ വിപുലമായിത്തന്നെ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്കുവേണ്ടിയുള്ള ലാബുകൾ തയ്യാറാക്കിയിട്ടുണ്ട്. സ്കൂളുകളിൽ 335 ലാബുകളിലായി 43936 ടെസ്റ്റുകൾ നടത്തിയിട്ടുണ്ട്. വിഷയം സർക്കാർ ഗൗരവമായിത്തന്നെ കാണുന്നുണ്ട്.

മി. സ്പീക്കർ: ചോദ്യം ചോദിച്ചുകഴിഞ്ഞാൽ ചോദ്യകർത്താവിന് മറുപടി കേൾക്കുന്നതിനുള്ള മനസ്സുമുണ്ടാകണം.

ശ്രീ. എൻ. കെ. അക്ബർ: സർ, മേജർ ജില്ലാ റോഡുകൾ, പി.ഡബ്ല്യൂ.ഡി. റോഡുകൾ എന്നിവിടങ്ങളിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊട്ടിപ്പൊളിച്ച റോഡുകളുടെ റെസ്റ്റോറേഷൻ ഫണ്ട് അടയ്ക്കാത്തതിനാൽ റോഡ് നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ് ഉൾപ്പെടെയുള്ള റോഡുകളുടെ റെസ്റ്റോറേഷൻ ഫണ്ട് അനുവദിച്ച് കിട്ടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുകയാണ്. ഇപ്പോൾ 2,000 കോടി രൂപ കുടിശ്ശിക കൊടുത്തു. ബാക്കി 1,750 കോടി രൂപകൂടി ഈ മാസംതന്നെ കൊടുക്കും. ഇക്കാര്യത്തിൽ പ്രാഥമികമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. കേന്ദ്ര സർക്കാർ തുക അനുവദിക്കാത്തതിന്റെ ഭാഗമായുള്ള വിഷയങ്ങൾ നേരത്തെ ഉണ്ടായിരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, എം.വി.ഐ.പി. കനാലിന്റെ

അറ്റകുറ്റപ്പണി നടത്തുന്നതിന് തൊണ്ണൂറ്റിനാല് ലക്ഷം രൂപ കഴിഞ്ഞ ജൂലൈ മാസത്തിൽ സർക്കാരിനോട് ആവശ്യപ്പെട്ടതാണ്. വേനൽ കടുത്തിട്ടുപോലും ആ തുക അനുവദിക്കാത്തതുകാരണം അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താൻ കഴിഞ്ഞില്ല. അതുകാരണം ജലസേചന സൗകര്യം ലഭ്യമാക്കാനും കഴിഞ്ഞില്ല. പഞ്ചായത്തുകൾ ശ്രമദാനംവഴിയാണ് ഇപ്പോൾ വെള്ളം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. എന്നിട്ടുപോലും എല്ലാ ബ്രാഞ്ചുകളിലും വെള്ളം എത്തുന്നില്ല. ഈ തൊണ്ണൂറ്റിനാല് ലക്ഷം രൂപ സർക്കാർ സമയബന്ധിതമായി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ വലിയ കാലതാമസമുണ്ടായി. ഞാൻ ഈ ഫയലിന്റെ പുറകെ നടന്നതിന്റെ ഫലമായി കാര്യങ്ങൾ ഏകദേശം ക്ലിയറായിട്ടുണ്ട്. ആവശ്യത്തിന് വെള്ളം ലഭിക്കാത്തതുകാരണം വ്യാപകമായ രീതിയിൽ കൃഷിനാശമുണ്ടായിരിക്കുകയാണ്. അക്കാര്യത്തിൽ ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഇനിയെങ്കിലും ഇത്തരത്തിൽ കാലതാമസമുണ്ടാകാതെ സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനും കൃത്യമായ ജലസേചന സൗകര്യങ്ങൾ

ഒരുക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റേത് ഒരു പൊതുനിർദേശമാണ്. ഗൗരവപരമായ വിഷയമാണ് അദ്ദേഹമിവിടെ സൂചിപ്പിച്ചത്. എം.വി.ഐ.പി. കനാലിന്റെ പ്രാധാന്യം നമുക്കെല്ലാമറിയാം. ഭാവിയിൽ ഇത്തരത്തിലുള്ള തടസ്സങ്ങളുണ്ടാകാതെ ശ്രദ്ധിക്കുന്നതിനാവശ്യമായ നിർദേശം നൽകാം.

**വന്യജീവി ആക്രമണ പ്രതിരോധ നടപടി**

(*64) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണ പ്രതിരോധത്തിനായി ഏതൊക്കെ മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്; ഈ മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ ഏകവിളതോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കാവുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി 2016 മുതൽ 2025 വരെ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ അവാർഡുകൾ 2016 മുതൽ 2025 വരെ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ,

(എ) മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 12 മിഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

1) മിഷൻ ഫുഡ്, ഫോഡർ & വാട്ടർ

2) മിഷൻ സോളാർ ഫെൻസിങ്

3) മിഷൻ വൈൽഡ് പിഗ്

4) മിഷൻ സർപ്പ

5) മിഷൻ പ്രൈമറി റെസ്പോൺസ് ടീം

6) മിഷൻ റിയൽ ടൈം മോണിറ്ററിംഗ്

7) മിഷൻ ട്രൈബൽ നോളജ് (ഗോത്രഭേരി)

8) മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്

9) മിഷൻ സയൻസ് ഓൺ ഹ്യൂമൻ വൈൽഡ്ലൈഫ് കോൺഫ്ലിക്റ്റ്,

10) മിഷൻ ബോണറ്റ് മക്കാക്ക്

11) മിഷൻ മഞ്ഞക്കൊന്ന

12) മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും എന്നിവയാണ് 12 മിഷനുകൾ.

ടി മിഷനുകളുടെ പ്രവർത്തനം വിവിധ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയും നിരന്തരം വിലയിരുത്തിവരുന്നുണ്ട്.

മേൽ സൂചിപ്പിച്ച 12 മിഷനുകളുടെ പ്രവർത്തനഫലമായി:

- മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കാരണമുണ്ടാകുന്ന മരണ നിരക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് (2011-12-ൽ 126 മരണം ആയിരുന്നത് 2025-26 വർഷത്തിൽ നാളിതു (29-01-2026) വരെ 42 മരണം) ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

- ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ജനകീയ വേദിയിൽ പ്രഖ്യാപിച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ ആരംഭിച്ച ഹെൽപ്-ഡെസ്കുകളിലൂടെ പരാതികൾ സ്വീകരിച്ച് അടിയന്തര പ്രാധാന്യത്തോടെ തീർപ്പ് കൽപിച്ചത് കാരണം നിലവിൽ പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിലൂടെ വനം വകുപ്പും മറ്റ് വകുപ്പുകളുമായുള്ള ഏകോപനവും സഹകരണവും ശക്തിപ്പെടുത്തുന്നതിനും വനം വകുപ്പിന്റെ പ്രവർത്തനക്ഷമത

വർധിപ്പിക്കുന്നതിനും ആയതിലൂടെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്.

- വനം വകുപ്പ് ജീവനക്കാർ നിത്യേന ചെയ്തുവന്നിരുന്ന ജോലികൾക്കുപരിയായി മിഷന്റെ ഭാഗമായ സൗരോർജ വേലികളുടെ അറ്റകുറ്റപ്പണിയും പരിചരണവും, തടയണ നിർമ്മാണം, നീരുറവകളുടെ പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഏർപ്പെട്ടതിലൂടെ മനുഷ്യ-വന്യജീവി സംഘർഷ പ്രക്രിയയിൽ ജീവനക്കാരുടെ പ്രവർത്തനക്ഷമതയും കാര്യക്ഷമതയും വളരെയേറെ വർധിച്ചിട്ടുള്ളതാണ്.

- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കായി വനാതിർത്തി പ്രദേശങ്ങളിലെ തദ്ദേശവാസികളുടെ സഹകരണം ഉറപ്പാക്കുന്നതിലൂടെ അവരുടെ തൊഴിലവസരങ്ങളും വരുമാനവും വർധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ മനുഷ്യ-വന്യജീവി

സഹവർത്തിത്വം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പിന്തുണയും സഹകരണവും ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

- കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കാരണമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കുള്ള ധനസഹായം നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനും ആയതിലെ കുടിശ്ശിക തുലോം കുറയ്ക്കുന്നതിനും പരമാവധി ധനസഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

- പൊതുജന പങ്കാളിത്തത്തോടെയുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, പി.ആർ.ടി.-കളുടെ രൂപീകരണം, സർപ്പ വോളന്റിയർമാരുടെ സേവനം, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗോത്രവർഗ അറിവുകൾ ശേഖരിക്കുന്നതിനുള്ള മിഷൻ ഗോത്രഭേരി, തീവ്രയജ്ഞ പരിപാടി തുടങ്ങിയ പ്രവൃത്തികളിലൂടെ വനം വകുപ്പിലെ ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള ജനസൗഹൃദ ബന്ധം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുള്ളതാണ്.

മേൽ വിവരിച്ച പൊതുവായ നേട്ടങ്ങൾ കൂടാതെ ഓരോ മിഷനിലൂടെയും കൈവരിക്കാൻ സാധിച്ചിട്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് 2903.781 ഹെക്ടർ ഏകവിളത്തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും 2016 മുതൽ 2025 വരെ 1,29,72,817/- രൂപ (ഒരു കോടി ഇരുപത്തൊമ്പത് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ) ധനസഹായമായി നൽകിയിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ഡി) 2016 മുതൽ 2025 വരെ വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രധാന അവാർഡുകളും അംഗീകാരങ്ങളും ചുവടെ ചേർക്കുന്നു:

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1. ദേശീയ കടുവ സംരക്ഷണ അതോറിറ്റി (NTCA)യുടെ സാമൂഹിക പങ്കാളിത്തത്തോടെയുള്ള ഇക്കോ-ടൂറിസം അവാർഡ് പറമ്പിക്കുളം കടുവ സങ്കേതത്തിന് 2016-ൽ ലഭിച്ചു.

2. 2016-17-ൽ കേരള സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് വനം വകുപ്പിന്റെ ഐ.ടി. വിഭാഗത്തിന് ലഭിച്ചു.

3. 2021-ൽ പറമ്പിക്കുളം കടുവാ സങ്കേതത്തിന് CA/TS അക്രഡിറ്റേഷൻ ലഭിച്ചു.

4. 2021-ൽ PaTCoF-ന് നാറ്റ്‌വെസ്റ്റിന്റെ എർത്ത് ഗാർഡിയൻ അവാർഡ് ലഭിച്ചു.

5. 2023-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ സ്പൈസസ് അവാർഡ് 'പൂപ്പാറ' കുരുമുളകിന് ലഭിച്ചു.

6. 2018, 2022 വർഷങ്ങളിൽ ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ മാനേജ്‌മെന്റ് ഇഫക്റ്റീവ്നെസ്സ് ഇവാല്യൂവേഷനിൽ (MEE) ഇന്ത്യയിലെ ആദ്യ സ്ഥാനം പെരിയാർ കടുവാ സങ്കേതത്തിന് ലഭിച്ചു.

7. പെരിയാർ കടുവാ സങ്കേതത്തിന് 2023-ൽ കൺസർവേഷൻ അഷ്വേഡ് ടൈഗർ സ്റ്റാൻഡേർഡ് (CATS) ഇന്റർനാഷണൽ അക്രഡിറ്റേഷൻ ലഭിച്ചു.

8. 2025-ൽ കേന്ദ്ര സർക്കാരിന്റെ മാനേജ്മെന്റ് ഇഫക്ടീവ്നെസ്സ് ഇവാല്യൂവേഷനിൽ (MEE) രാജ്യത്തെ ദേശീയോദ്യാനങ്ങളിൽ ഏറ്റവും മികച്ചതായി ഇരവികുളം ദേശീയോദ്യാനത്തെ തിരഞ്ഞെടുത്തു.

9. 2024 & 2025 വർഷങ്ങളിൽ ദേശീയ വന കായികമേളയിൽ കേരള വനം വകുപ്പ് റണ്ണേഴ്സ് അപ്പ് ആയിട്ടുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വന്യജീവി ആക്രമണം നേരിടുന്ന കർഷകരുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കണം, അതിന് കാലാനുസൃതമായി കേന്ദ്ര വനം-വന്യജീവി നിയമത്തിൽ മാറ്റം വേണം, താൽക്കാലികമായ പ്രതിരോധ പ്രവർത്തനത്തിന് ആയിരം കോടി രൂപയെങ്കിലും അനുവദിക്കണം തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം നിരന്തരമായി കേരളം കേന്ദ്രത്തിന് നൽകിയിട്ട്, കഴിഞ്ഞ ദിവസം കേന്ദ്ര

ബജറ്റ് വന്നപ്പോൾ, ജീവികളുമായി ബന്ധപ്പെട്ട് കേരളത്തിന് ആകെ കിട്ടിയത് ആമമൊട്ടയാണ് എന്നൊരവസ്ഥയാണുള്ളത്. അതേസമയം, പാകിസ്ഥാനുമായുള്ള സംഘർഷാവസ്ഥ നേരിടാൻ എട്ട് ലക്ഷം കോടി രൂപ അനുവദിച്ച കേന്ദ്ര ബജറ്റാണ് കണ്ടത്. പാകിസ്ഥാൻകാർ ഇന്ത്യയിലേക്ക് വരുമ്പോൾ ഇവിടെ മനുഷ്യർ അവശേഷിക്കേണ്ടതല്ലേ. ഈ നിലയിൽ മുന്നോട്ടുപോകുകയാണെങ്കിൽ വന്യജീവി ആക്രമണത്തിൽ കർഷകരും അവരുടെ ജീവനോപാധികളുമെല്ലാം പൂർണ്ണമായും നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ കേരളം തനതായ പ്രതിരോധ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും പ്ലാൻ തയ്യാറാക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വനം-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട മേഖലയിൽ മാത്രമല്ല, കേരളീയ ജനജീവിതത്തിന്റെ വിവിധ മേഖലകളിൽ തികഞ്ഞ അവഗണന കാണിച്ച പ്രതികാര ബുദ്ധിയോടുകൂടിയ ഒരു ബജറ്റാണ് ഇപ്പോഴത്തെ കേന്ദ്ര ബജറ്റ്. ആ ബജറ്റിനെയും കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെയും ഒരു തരത്തിലും

താരതമ്യപ്പെടുത്താനോ അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനോ സാധിക്കുന്നതല്ല. എന്നാൽ ഇക്കഴിഞ്ഞ ദിവസം കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ഇരുപത്തിയൊൻപത് കോടി രൂപയാണ് അധികമായി അനുവദിച്ചിട്ടുള്ളതെന്ന വസ്തുത അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ആ തുക ഉപയോഗിച്ചുകൊണ്ട് അങ്ങ് സൂചിപ്പിച്ചതുപോലുള്ള വിവിധ പദ്ധതികൾക്ക് രൂപകൽപന നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളും ആദിമകാലത്ത് വന്യജീവി വിഭാഗത്തിൽപ്പെട്ടതായിരുന്നല്ലോ. പിന്നീട് മനുഷ്യരും ഇന്ന് നമ്മൾ കാണുന്ന വളർത്തുമൃഗ പട്ടികയിൽപ്പെടുന്ന ജീവികളുമെല്ലാം വീട്ടുമനുഷ്യരും വീട്ടുമൃഗങ്ങളുമായി രൂപാന്തരപ്പെടുകയും അങ്ങനെ പേരുമാറ്റം കൊണ്ടുണ്ടായ പല മൃഗങ്ങളെയും പക്ഷികളെയും മനുഷ്യരുടെ പ്രധാന ഭക്ഷ്യവസ്തുവായി ഇന്ന് ഉപയോഗപ്പെടുത്തുകയും

ചെയ്യുകയാണ്. ഇക്കാലത്ത് വനം ഉപേക്ഷിച്ച് നാട്ടിലേക്ക് വരുന്ന പുതിയ ഇനം മൃഗങ്ങളെയും പക്ഷികളെയും, നാട്ടുപോത്തുകളെയും നാട്ടുകോഴികളെയുംപോലെ ജനങ്ങൾക്ക് ഉപയോഗിക്കാനാവശ്യമായ അംഗീകാരം നൽകാൻ സന്നദ്ധമാകുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇത് വളരെ കാലമായി കേരള നിയമസഭയിൽ തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്ന ചോദ്യമാണ്. അങ്ങേയ്ക്കും സഭയ്ക്കും അറിയാവുന്നതുപോലെ സംസ്ഥാന വനം-വന്യജീവി വകുപ്പ് പ്രവർത്തിക്കുന്നത് കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അവർ നിശ്ചയിക്കുന്ന പട്ടികയിലെ ഇനങ്ങളനുസരിച്ച് മാത്രമേ കേരള സർക്കാരിന് പ്രത്യേകമായി എന്തെങ്കിലും അനുവാദം നൽകാൻ കഴിയുകയുള്ളൂ. കാട്ടുപന്നികളെപ്പോലും വെടിവച്ച് കൊല്ലാൻ പാടില്ല എന്ന കർക്കശമായ നിയമമാണ് കേന്ദ്ര നിയമത്തിലുള്ളതെങ്കിലും കേരള സർക്കാർ അതിനെ ക്ഷുദ്രജീവികളുടെ പട്ടികയിൽപ്പെടുത്തി വെടിവച്ച് കൊല്ലാനുള്ള അധികാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം അയ്യായിരത്തിലേറെ കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകൾ ആത്മാർഥമായി വിചാരിച്ചാൽ ഇക്കാര്യത്തിൽ കുറേയേറെ പുരോഗതി കൈവരിക്കാൻ സാധിക്കും. അതിന്റെ അടിസ്ഥാനത്തിൽ നേരത്തെയുള്ള സഹായധനം വർധിപ്പിച്ചിട്ടുണ്ട്. ഷൂട്ടർമാർക്ക് 1,000/- രൂപയും സംസ്കാര നടപടികൾക്കായി 2,000/- രൂപയും നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പല പഞ്ചായത്തുകളും അത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല. പഞ്ചായത്തിലെ പുതിയ ഭരണസമിതികൾക്ക് ഇതുസംബന്ധിച്ച് ധാരണകൾ ഉണ്ടായിക്കാണില്ല. ആയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.മാർ പഞ്ചായത്ത് പ്രസിഡന്റുമാരുമായി ചർച്ച നടത്തി അവരുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിങ് കമ്മിറ്റി ഉണ്ടാക്കി ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വന്യജീവി ആക്രമണ പ്രതിരോധ

പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള R.R.T.(Rapid Response Team)-കളുടെ സേവനം കുറേയേറെ ഗുണം ചെയ്തിട്ടുണ്ട്. പക്ഷെ ഇവർ നേരിടുന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. സേനയിലെ ആളുകളുടെ അംഗബലം, വാഹനങ്ങൾ, ആയുധങ്ങൾ, എത്തിച്ചേരാനുള്ള മറ്റ് സൗകര്യങ്ങൾ, ഉപകരണങ്ങൾ ഇവയുടെ കാര്യത്തിലൊക്കെ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. അതിനാൽ അക്കാര്യത്തിൽ എന്തെങ്കിലും സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ടോ; അതുപോലെ ആക്രമണം നടക്കുന്ന മേഖലകളിലുള്ള തദ്ദേശവാസികളുടെ വോളന്റീയർ സംവിധാനത്തെക്കൂടി പരിശീലനം നൽകി ഇക്കാര്യത്തിൽ ഉപയോഗിക്കാൻ സാധിക്കുമോ എന്നുള്ള കാര്യംകൂടി പരിശോധിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വനം വകുപ്പിലെ വാച്ചർമാർ തൊട്ട് റേഞ്ച് ഓഫീസർമാർ വരെയുള്ള ജീവനക്കാരുടെ പ്രവർത്തനത്തിൽ ഗുണപരമായ കുറേയേറെ മാറ്റങ്ങൾ ഇതിനകം വരുത്തിയിട്ടുണ്ട്. ജനസൗഹൃദ വകുപ്പായി വനം വകുപ്പിനെ മാറ്റുന്നതിനുള്ള ശ്രമങ്ങളിൽ അവർ നല്ല പങ്ക്

വഹിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അവർക്കാവശ്യമായ തോതിലുള്ള ആധുനിക ഉപകരണങ്ങൾ നൽകുന്നതിൽ വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും 100 കോടി രൂപ അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ ഇതിനകം എടുത്തുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതുതായി ആറ് ഫോറസ്റ്റ് സ്റ്റേഷനുകൾ നമ്മുടെ സംസ്ഥാനത്ത് തുറക്കുന്നതിനാവശ്യമായ ഉത്തരവ് ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം - കല്ലാർ, ഇടുക്കി - ആനക്കുളം, കോഴിക്കോട് - ആനക്കാംപൊയിൽ, പാലക്കാട് - മലമ്പുഴ, കണ്ണൂർ - കൊട്ടിയൂർ, കാസർഗോഡ് - ബന്തഡുക്ക എന്നിവിടങ്ങളിലാണ് ഈ സ്റ്റേഷനുകൾ ആരംഭിക്കുന്നത്. ഇതോടുകൂടി കുറേക്കൂടി വ്യാപകമായ തോതിൽ സേനയുടെ പ്രവർത്തനം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്നാണ് കരുതുന്നത്. ഇക്കാര്യത്തിൽ P.R.T.(Primary Response Teams)-കൾ രൂപീകരിക്കാനുള്ള ശ്രമങ്ങൾ തീവ്രയജ്ഞപരിപാടിയുടെ ഭാഗമായി സർക്കാർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, വന്യമൃഗ സംഘർഷംപോലെതന്നെ വളരെ അപകടകരമായ ഒരു നിലയിലാണ് വനമേഖലയിലൂടെ കടന്നുപോകുന്ന പി.ഡബ്ല്യൂ.ഡി., പഞ്ചായത്ത് റോഡുകൾ ഉൾപ്പെടെയുള്ള പൊതുവഴികൾ. കഴിഞ്ഞയാഴ്ച എന്റെ നിയോജകമണ്ഡലമായ വാമനപുരത്തെ ഇടിഞ്ഞാറിൽ ഒരു മരം ഒടിഞ്ഞുവീണ് സ്കൂട്ടറിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഷൈജു എന്ന ഹർഷകുമാർ ദാരുണമായി കൊല്ലപ്പെട്ടു. അത്തരം പാതയോരങ്ങളിൽ ഇത്തരത്തിൽ അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ആവശ്യമായ നിർദേശം കൊടുത്ത് നടപടി സ്വീകരിക്കാൻ സാധിക്കുമോ; ഇങ്ങനെ മരണപ്പെടുന്നയാളുകൾക്ക് കോമ്പൻസേഷൻ കൊടുക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനത്തിനുള്ളിലൂടെ പോകുന്ന റോഡുകളുടെ ഇരുവശത്തും മരങ്ങളാണുള്ളത്. ആ മരങ്ങളുടെ ശാഖകൾ പൊട്ടിവീണ് അപകടങ്ങൾ ഉണ്ടാകാറുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. എന്നാൽ അത്തരത്തിൽ

അപകടങ്ങളുണ്ടാകുന്നവർക്ക് പ്രത്യേകമായി ധനസഹായം നൽകുന്നതിനുള്ള സ്കീമൊന്നും ഇപ്പോൾ സർക്കാരിൽ നിലവിലില്ല. പക്ഷെ അതും പരിഗണിക്കപ്പെടേണ്ട ഒരു പ്രശ്നമാണ് എന്നുതന്നെയാണ് എനിക്ക് തോന്നിയിട്ടുള്ളത്. അത് ബന്ധപ്പെട്ട കേന്ദ്രങ്ങളുമായി സംസാരിച്ച് പരിഹാരം കാണുന്നതിന് ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെ ദുരന്തനിവാരണ അതോറിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന P.R.T.-കൾ അതത് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ടാൽ അത്തരത്തിൽ അപകട സാധ്യതയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ആ സൗകര്യവും ബഹുമാനപ്പെട്ട ജനപ്രതിനിധികൾ ഉപയോഗപ്പെടുത്തിയാൽ ഒരു പരിധിവരെ ആ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. എം. രാജഗോപാലൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ലിന്റോ ജോസഫ്): സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 37.5 കിലോമീറ്റർ ദൂരം സോളാർ

ഫെൻസിങ് നടപ്പാക്കാൻ നബാർഡ് - ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതി, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് സാധിച്ചിട്ടുണ്ട്. 25 കിലോമീറ്റർ കൂടി ഫെൻസിങ്ങിനാവശ്യമായ പണം അനുവദിച്ചാൽ തിരുവമ്പാടി മണ്ഡലത്തെ മനുഷ്യ-വന്യജീവി സംഘർഷത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും; അതിനാവശ്യമായ പണം അനുവദിക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അംഗം നിരന്തരമായി ഞങ്ങളുമായി കാണുകയും സംസാരിക്കുകയും ചെയ്യുന്ന ഒരാളാണ്. ഞാൻ പലവട്ടം അവിടെ പോകുകയും പ്രശ്നങ്ങൾ നേരിട്ട് കാണുകയും ചെയ്തിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽതന്നെ അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ ഹാങ്ങിങ് സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. അതിനുള്ള പണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് വൈകാതെതന്നെ പുറപ്പെടുവിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. തിരുവമ്പാടി മണ്ഡലത്തിലെ

ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വീണ്ടും പരിശോധിച്ച് ഹോട്ട്സ്പോട്ടായി കണ്ടെത്തി പരിഹാരങ്ങൾ നിർദേശിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വന്യജീവി ആക്രമണത്തെക്കുറിച്ച് നമ്മൾ ഒരുപാട് ചർച്ച ചെയ്യുന്ന കാര്യമാണ്. അതിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെങ്കിലും വനംവകുപ്പ് ചെയ്താൽ കുറേയേറെ ആശ്വാസം കിട്ടും. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ രണ്ട് ദിവസം മുമ്പ് വിളിച്ചിരുന്നു. എന്റെ നിയോജകമണ്ഡലത്തിന്റെ തൊട്ടടുത്താണ് ഒരു കരടിയെ പിടിച്ചത്. എന്നാൽ കരടിയെ പിടിച്ച് കൂട്ടിലാക്കി അതിനെ എവിടേയ്ക്ക് കൊണ്ടുപോകും എന്നുള്ള കാര്യത്തിൽ ഉദ്യോഗസ്ഥന്മാരുമായി സംസാരിച്ചപ്പോൾ അവർ പറഞ്ഞത് 'ഞങ്ങൾ കഴിഞ്ഞ തവണ ഒരു കരടിയെ പിടിച്ചിരുന്നു, അതിനെ തിരിച്ച് കാട്ടിലേക്ക് അയച്ചു, അതുതന്നെയാണോ ഇത് എന്ന് ഞങ്ങൾ പരിശോധിക്കുന്നുണ്ട്, അതിനുശേഷം ഈ കരടിയെ വീണ്ടും ആ കാട്ടിലേക്ക് അയയ്ക്കും' എന്നാണ്. നമ്മുടെ കാട് എന്നത് ജനവാസമേഖലയോട് വളരെ

അടുത്താണുള്ളത്. അതിനാൽ ഇത്തരത്തിൽ കരടിയെ പിടിച്ചാൽ അതിനെ മൃഗശാലയിലേക്ക് മാറ്റാനുള്ള സൗകര്യം ചെയ്തുകഴിഞ്ഞാൽ ആ ഒരു കാട്ടുമൃഗത്തിന്റെ ആക്രമണത്തിൽനിന്നെങ്കിലും ജനങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കും. അതുകൊണ്ട് ഇങ്ങനെ പിടിക്കുന്ന വന്യമൃഗങ്ങൾ, അത് കടുവ, കരടി, പുലി പോലുള്ള ഏതായാലും അവയെ മൃഗശാലയിലേക്ക് മാറ്റുന്നതിനുള്ള സംവിധാനം ചെയ്യുമോ; അവയെ തിരിച്ച് കാട്ടിലേക്ക് അയയ്ക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം എന്നോട് സൂചിപ്പിച്ച കാര്യംതന്നെയാണിത്. ഇതുവരെയുള്ള കീഴ്വഴക്കം എന്നത് ഇത്തരത്തിലുള്ള വന്യജീവികളെ പിടികൂടിയാൽ ഉൾക്കാട്ടിലേക്ക് വീണ്ടും അയയ്ക്കുക എന്നുള്ളതാണ്. ഉൾക്കാട്ടിലേക്ക് അയയ്ക്കുന്ന മൃഗങ്ങൾക്ക് സ്വാഭാവികമായും തിരിച്ചുവരാൻ സാധിക്കും എന്നത് നമുക്ക് ബോധ്യമാകുന്ന ഒന്നാണല്ലോ. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം നിർദേശിച്ചതുപോലെ ഇങ്ങനെ പിടിക്കുന്ന വന്യമൃഗങ്ങളെ തൃശ്ശൂരിൽ പുതുതായി ആരംഭിച്ച

സുവോളജിക്കൽ പാർക്കിൽ അയച്ചുതുടങ്ങിയിട്ടുണ്ട്. ഇന്നലെയും കൊണ്ടുവന്നിട്ടുണ്ട്, ഇനിയും കൊണ്ടുവരും. അതുപോലെതന്നെ ഇത്തരത്തിൽ പിടികൂടിയ വന്യമൃഗങ്ങളെ സംരക്ഷിക്കാനും ചികിത്സിക്കാനുമുള്ള ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലാണ് അത്തരമൊരു സ്ഥാപനം തുടങ്ങാനാഗ്രഹിക്കുന്നത്.

## കിഫ്ബി മുഖേന മത്സ്യമാർക്കറ്റുകളുടെ നവീകരണം

5(*65) ശ്രീ. വി. ജോയി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ എത്ര മത്സ്യമാർക്കറ്റുകളുടെ നവീകരണം നടപ്പാക്കിയിട്ടുണ്ട്;

(സി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബി വഴി 2021-25 വരെ ഏതൊക്കെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് നിർമ്മാണ അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ 145 കോടി രൂപ അടങ്കൽ തുകയിൽ 51 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 എണ്ണം പൂർത്തീകരിക്കുകയും, 33 എണ്ണം പൂർത്തീകരണഘട്ടത്തിലുമാണ്. 8 എണ്ണത്തിന് വിവിധ തലത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള

നടപടികൾ നടന്നുവരുന്നു. 7 മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാനുണ്ട്.

ഇതുകൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി (RIDF) ട്രാഞ്ചേ 25-ൽ ഉൾപ്പെടുത്തി കൊല്ലം നെടുമൺകാവ് 502 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു മത്സ്യ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. സംസ്ഥാന പദ്ധതിയിൽ ആലപ്പുഴ നൂറനാട് 150 ലക്ഷം രൂപയുടെ മത്സ്യ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. 300 ലക്ഷം രൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിൽ എഴുകോണിൽ അത്യാധുനിക മാർക്കറ്റ് സമുച്ചയം, കൊല്ലം ജില്ലയിൽ കലയപുരത്ത് 150 ലക്ഷം രൂപയുടെ അത്യാധുനിക മാർക്കറ്റ് നിർമ്മാണം എന്നിവ പുരോഗമിച്ചുവരുന്നു.

കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ എറണാകുളം ജില്ലയിലെ ആലുവയിൽ 4,823.99 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യ മാർക്കറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ 5,517 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യ

മാർക്കറ്റ് സമുച്ചയ നിർമ്മാണത്തിന് അംഗീകാരം നൽകുകയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിങ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ചാലിൽ ഗോപാലപേട്ട മത്സ്യഗ്രാമത്തിലെ തലായിൽ 281 ലക്ഷം രൂപ അടങ്കൽ തുകയിൽ മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിങ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ ഞാറക്കൽ മത്സ്യഗ്രാമത്തിൽ 118 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, ഇടവനക്കാട് മത്സ്യഗ്രാമത്തിൽ 135 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം എന്നിവയും നടപ്പിലാക്കുന്നുണ്ട്.

(ബി) കിഫ്ബി ധനസഹായത്തോടെ 145 കോടി രൂപ അടങ്കൽ തുകയിൽ 51 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി

നൽകിയിട്ടുണ്ട്. ഇതിൽ 3 എണ്ണം പൂർത്തീകരിക്കുകയും, 33 എണ്ണം പൂർത്തീകരണ ഘട്ടത്തിലുമാണ്. 8 എണ്ണത്തിന് വിവിധ തലത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 7 മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാനുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 2021-22 സാമ്പത്തിക വർഷത്തിൽ 51 മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും ഫണ്ടിങ് സാങ്ഷൻ ലഭിച്ചിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ തുടർന്ന് നിർമ്മാണ അനുമതി കൂടി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയാണ് ഓരോ മാർക്കറ്റിന്റെയും നിർമ്മാണം നടപ്പാക്കുന്നത്. 3 മത്സ്യമാർക്കറ്റുകളുടെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിർമ്മാണം പൂർത്തിയാകുകയും 33 എണ്ണത്തിന്റെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിച്ചുവരികയുംചെയ്യുന്നു.

ശ്രീ. വി. ജോയി: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറെ ശ്രദ്ധയാകർഷിച്ചതും പ്രത്യേകതകൾ നിറഞ്ഞതുമാണ് കിഫ്ബി വഴി നിർമ്മിക്കുന്ന ആധുനിക മത്സ്യമാർക്കറ്റുകൾ. മത്സ്യത്തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, നാല്പത് വർഷമായി കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ആഗ്രഹിക്കുന്ന ഏറ്റവും സുപ്രധാനമായ ചരിത്ര പ്രാധാന്യമുള്ള ഒരു ക്ഷേമപദ്ധതിയാണ് ഇവിടെ നടപ്പാക്കിയത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി 26-01-2026-ന് അത് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. 67440 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. 15.85 കോടി രൂപയാണ് നൽകുന്നത്. നാല്പത് വർഷം മുമ്പ് 20 രൂപ മുതൽ 2,000/- രൂപ വരെ അടച്ച എല്ലാ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കും 2,500/- രൂപ വീതം വിരമിക്കൽ

ആനുകൂല്യമായി കൊടുക്കുന്ന ഏറ്റവും ചരിത്രപ്രാധാന്യമുള്ള പദ്ധതിയാണ് ഗവൺമെന്റ് നടപ്പാക്കിയത്.

ശ്രീ. വി. ജോയി: സർ, മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മത്സ്യബന്ധന യാനങ്ങളുടെ കാലാവധി നീട്ടിനൽകുന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. അങ്ങനെ നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി സാങ്കേതിക യോഗ്യതയുള്ളവരെ നിയമിക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇത് ഒരു വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. 1756 യന്ത്രവൽകൃത യാനങ്ങളും 8197 പരമ്പരാഗത യാനങ്ങളുമുൾപ്പെടെ 9953 യാനങ്ങളാണുള്ളത്. പന്ത്രണ്ട് വർഷം കഴിഞ്ഞാൽ ഇതിന്റെ ഫിറ്റ്നെസ് പുനഃപരിശോധിക്കാൻ കഴിയാത്ത ഒരു സാങ്കേതിക പ്രശ്നമുണ്ടായിരുന്നു. അത് നിലവിൽ മാറ്റിയിട്ടുണ്ട്. ആ ഫിറ്റ്നെസ് പുനഃപരിശോധിക്കാൻ 23 സർവേയർമാരെ എംപാനൽ ചെയ്തിട്ടുണ്ട്. ഈ സർവേയർമാർ രണ്ട് മാസംകൊണ്ട് മുഴുവൻ യാനങ്ങളും പരിശോധിച്ച് കുഴപ്പമില്ലാത്തതാണെങ്കിൽ അതിന് വീണ്ടും അംഗീകാരം നൽകുന്ന

സുപ്രധാനമായ തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ടെന്ന് അറിയിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു).